Malayala Manorama, Sunday 01 May 2011

# സ്റ്റാൻഡേർഡ് ഡിസൈൻ മൊഡ്യൂൾസുമായി ഇൻകെൽ

സ്വന്തം ലേഖകൻ

കൊച്ചി: ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകെൽ) ന്റെ പ്രഥമ സംരംഭമായ സ്റ്റാൻഡേർഡ് ഡിസൈൻ മൊഡ്യൂൾസ് അങ്കമാലിയിലെ ഇൻകെൽ സിറ്റിയിൽ ആരംഭിക്കും. മലിനീകരണമില്ലാത്തതും പരിസ്ഥിതി സൗഹൃദവുമായ സംരംഭങ്ങൾക്ക് പ്രവർത്തനം നടത്തുന്നതിനു തയാറാക്കിയ സ്ഥലസൗകര്യം നൽകുന്നതാണ് പദ്ധതി.

അങ്കമാലിയിലെ ട്രാൻസ്ഫോമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (ടെൽക്ക്) നോടു ചേർന്നുള്ള അൻപത് ഏക്കർ സ്ഥലത്ത് പദ്ധതിക്കായി ഇൻകെലും കെഎസ്ഐഡിസിയും ചേർന്ന് മാസ്റ്റർ പ്ലാൻ തയാറാക്കി. ഇതിൽ 30 ഏക്കറിലാണ് ഇൻകെൽ സിറ്റി സ്ഥാപിക്കുക.

ഇൻകെൽ സിറ്റിയുടെ ഭാഗമായി സ്റ്റാൻഡേർഡ് ഡിസൈൻ മൊഡ്യൂൾസ് 5.5 ഏക്കറിലാണ് നിർമിക്കുന്നത്.

ആദ്യ ഘട്ടത്തിൽ അയ്യായിരം ചതുരശ്ര അടി വിസ്തൃതി വീതമുള്ള അത്യന്താധുനിക സൗകര്യങ്ങളോടെയുള്ള 40 മൊഡ്യൂളുകൾ ഉൾപ്പെടുന്ന അഞ്ചുനില കെട്ടിടം നിർമിക്കും. ഈ മൊഡ്യൂളുകൾ സംരംഭകർക്കു പുതുക്കാവുന്ന 88 വർഷത്തെ പാട്ടത്തിന് അനുവദിച്ചു നൽകും.

ഏകജാലക സംവിധാനവും ഉദ്ദേശിക്കുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ നാലു ലക്ഷം ചതുരശ്ര അടി സൗകര്യമാണ് ഒരുക്കുന്നത്. ഇതിന്റെ നിർമാണം 2012 ൽ ആരംഭിക്കും.

ഇൻകെൽ സിറ്റിയിലെ മൊഡ്യൂളുകൾ ഐടി, ഐടി അനുബന്ധം, ഭക്ഷ്യ-ഭക്ഷ്യ സംസ്കരണം, ലൈറ്റ് എൻജിനീയറിങ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഏവിയോണിക്സ്, പ്രിന്റിങ് ആൻഡ് പബ്ലിഷിങ്, അപ്പാരൽസ് തുടങ്ങിയ സംരംഭങ്ങൾക്കും അസറ്റ് സർവീസസ്, ക്രെഡിറ്റ് റേറ്റിങ് ഏജൻസികൾ, ഡിസൈൻ സർവീസ്, ഇവന്റ് മാനേജ്മെന്റ്, മാനേജ്മെന്റ് കൺസൾറ്റൻസി, മാർക്കറ്റ് റിസർച്ച് ഏജൻസി, സയന്റിഫിക് - ടെക്നിക്കൽ കൺസൾറ്റൻസി, സർവേ ആൻഡ് മാപ്പ് മേക്കിങ്, ടെലികമ്യൂണിക്കേഷൻ സർവീസ്, സ്റ്റോക്ക് ബ്രോക്കർ സർവീസ് തുടങ്ങിയ സ്ഥാപനങ്ങൾക്കും അനുയോജ്യമാണ്.

നിർദിഷ്ട സൈറ്റിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അടുത്ത വർഷം മാർച്ചോടുകൂടി മൊഡ്യൂളുകൾ തയാറാകും. ഇതിന്റെ ബുക്കിങ്ങിന് മികച്ച പ്രതികരണം ലഭിക്കുന്നുവെന്ന് ഇൻകെൽ വക്താവ് പറഞ്ഞു.